**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** **05-10-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ടെണ്ടർ സേവിങ്സ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ നാളിതുവരെ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ജില്ലാ കളക്ടർ 30.09.2021-ൽ ലഭ്യമാക്കിയത് പ്രകാരം വർഷം - തുക 2017 - 18 - 3,98,472/- 2018 - 19 - 3,77,453/- 2019-20 - 2,163/- 2020-21 - 2,47,479/- |
| (ബി) | ടെണ്ടർ സേവിങ്സ് ഇനത്തിലുള്ള തുക വിനിയോഗിച്ച് കൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസൽ ഏതെന്നും ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19 വർഷങ്ങളിലെ ടെൻഡർ സേവിങ്സ് യഥാക്രമം 14,10,948/- രൂപയും 12,85,763/- രൂപയും ബാക്കി നിൽപ്പ തുകയായി നിലവിലുണ്ടെന്നും ആയത് വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ബഹു.മുൻ എം. എൽ. എ ലഭ്യമാക്കിയിരുന്നത്. 21/01/2021ന് ബഹു. ധനമന്ത്രി മറുപടി പറഞ്ഞ ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് തയ്യാറാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ആയത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി മുൻ എം.എൽ.എ തേടിയിരുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ആസ്തി വികസന പദ്ധതി നടപ്പാക്കി വരുന്നത്. അതുകൊണ്ട് തന്നെ ടെൻഡർ സേവിങ്സ് സംബന്ധിച്ച വിവരങ്ങളും ധനകാര്യ വകുപ്പിന് ലഭ്യമാകുന്നത് ജില്ലാ കളക്ടർമാരിൽ നിന്നാണ്. പതിനാലാം കേരള നിയമസഭയുടെ 2330 ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങൾ, നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാതെ ലഭ്യമാക്കിയതാണ്. സമാന ചോദ്യത്തിന് തുടർന്ന് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയ മറുപടി പ്രകാരം ടെൻഡർ സേവിങ്സ് പരിശോധിക്കുമ്പോൾ ബഹു. എം.എൽ.എ-യുടെ ശുപാർശ അംഗീകരിക്കുന്നതിനുവേണ്ട തുക പര്യാപ്തമല്ല എന്ന് മനസ്സിലാകുന്നു. ആയതിനാൽ ബഹു.എം.എൽ.എ-യുടെ പ്രൊപോസൽ പരിഗണിക്കാൻ സാധിക്കാത്തതായി കാണുന്നു. |
| (ഡി) | പ്രസ്തുത പ്രൊപ്പോസലുകൾക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19 വർഷങ്ങളിലെ ടെൻഡർ സേവിങ്സ് യഥാക്രമം 14,10,948/- രൂപയും 12,85,763/- രൂപയും ബാക്കി നിൽപ്പ തുകയായി നിലവിലുണ്ടെന്നും ആയത് വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ബഹു.മുൻ എം. എൽ. എ ലഭ്യമാക്കിയിരുന്നത്. 21/01/2021ന് ബഹു. ധനമന്ത്രി മറുപടി പറഞ്ഞ ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് തയ്യാറാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ആയത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി മുൻ എം.എൽ.എ തേടിയിരുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ആസ്തി വികസന പദ്ധതി നടപ്പാക്കി വരുന്നത്. അതുകൊണ്ട് തന്നെ ടെൻഡർ സേവിങ്സ് സംബന്ധിച്ച വിവരങ്ങളും ധനകാര്യ വകുപ്പിന് ലഭ്യമാകുന്നത് ജില്ലാ കളക്ടർമാരിൽ നിന്നാണ്. പതിനാലാം കേരള നിയമസഭയുടെ 2330 ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങൾ, നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാതെ ലഭ്യമാക്കിയതാണ്. സമാന ചോദ്യത്തിന് തുടർന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടെൻഡർ സേവിങ്സ് പരിശോധിക്കുമ്പോൾ ബഹു. എം.എൽ.എ-യുടെ ശുപാർശ അംഗീകരിക്കുന്നതിനുവേണ്ട തുക പര്യാപ്തമല്ല എന്ന് മനസ്സിലാകുന്നു. ആയതിനാൽ ബഹു.എം.എൽ.എ-യുടെ പ്രൊപോസൽ പരിഗണിക്കാൻ സാധിക്കാത്തതായി കാണുന്നു. |

സെക്ഷൻ ഓഫീസർ